പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2618 — 09.07.2015 -ൽ മറുപടിക്ക്.

## പാചകവാതക വിതരണത്തിലെ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്.ശർമ്മ:** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) വൈപ്പിൻ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പാചകവാതക വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാചക വാതക കമ്പനികളുടെ തൊഴിലാളികളുടെ സമരം ടാങ്കർ ലോറി സമരം തുടങ്ങിയ കാരണങ്ങൾ മൂലം പാചക വാതക വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. |
| (ബി) പാചകവാതക വിതരണം യഥാ സമയത്തും സുതാര്യമായി നടപ്പാക്കുന്നതിന് ജനപ്രതിനിധികളെയും ഉപഭോക്താക്കളെയും വിതരണക്കാരേയും ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തിക്കൊണ്ട് പരാതി പരിഹാരത്തിനും മോണിറ്റർ ചെയ്യുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) പാചകവാതക വിതരണം അപാകതകൾ പരിഹരിക്കുന്നതിന് ഗ്യാസ് ഏജൻസി തലത്തിൽ രൂപീകരിച്ചിട്ടുള്ള സോഷ്യൽ മോണിറ്ററിംഗ് സമിതികളിൽ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികളും ഭക്ഷ്യോപദേശക സമിതി അംഗങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) പാചകവാതക വിതരണം യഥാസമയം നടക്കുന്നതിനായി നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ; | (സി) എൽ.പി.ജിയുടെ ട്രാൻസ്പോർട്ടേഷനും വിതരണവും ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനവും കേരള എസൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണുവാനും ആവശ്യാനുസൃതമായി സിലിണ്ടറുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് വിതരണ ഏജൻസികൾ ആരംഭിച്ചിട്ടുണ്ട് എന്നും നിലവിലുള്ള ബോട്ടിലിംഗ് പ്ലാന്റുകളിൽ |

ആവശ്യത്തിനുപരിയായി ഉത്പാദനം നടക്കുന്നുണ്ട് എന്നും എണ്ണകമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) പാചകവാതകം യഥാസമയം ലഭിക്കാത്തതു സംബന്ധിച്ച് പള്ളിപ്പുറം, കുഴുപ്പള്ളി, എടവനക്കാട് എന്നീ പഞ്ചായത്തുകളിലെ താമസക്കാരിൽ നിന്നും കഴിഞ്ഞ ആറുമാസക്കാല യളവിൽ എത്ര പരാതികളാണ് ലഭിച്ചതെന്നും സ്വീകരിച്ച തുടർനടപടി യെന്തെന്നും വിശദീകരിക്കാമോ ? | (ഡി) കഴിഞ്ഞ 6 മാസക്കാലയളവിൽ പ്രസ്തുത സ്ഥലങ്ങളിൽ നിന്നും എഴുതി തയ്യാറാക്കിയ 3 പരാതികളാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ഗ്യാസ് ലഭിക്കുന്നില്ല എന്ന ഫോൺ മുഖാന്തിരം ലഭിച്ച 3 പരാതികളിൽ അടിയന്തര നടപടികൾ സ്വീകരിച്ച് ഗ്യാസ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എണ്ണ കമ്പനികളുടെ കാര്യാലയത്തിൽ ആറ് പരാതികൾ ലഭിച്ചിട്ടുണ്ട് എന്നും പരാതികൾ പരിഹരിച്ച് ഉപഭോക്താക്കൾക്ക് സിലിണ്ടർ ലഭ്യമാക്കിയിട്ടുണ്ട് എന്നും എണ്ണകമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

Leni. M

സെക്ഷൻ ഓഫീസർ